## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 4967 | 01.07.2013-ൽ മറുപടിയ്ക്ക്

### പോലീസ് കോംബിംഗ് ഓപ്പറേഷനുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന്<br>,, കെ. എൻ. എ. ഖാദർ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) കുറ്റവാളികളെ കുടുക്കാനുള്ള പോലീസ് കോംബിംഗ് ഓപ്പറേഷനുകൾ ഫലപ്രദമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അത് വ്യാപകമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഫലപ്രദമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ജില്ലാ പോലീസ് മേധാവികളുടെ അധികാര പരിധിയിൽ ലഭ്യമായ പോലീസ് ഉദ്യോഗസ്ഥരുടെ അംഗബലം ഉപയോഗിച്ചു കൊണ്ട് പ്രധാനപ്പെട്ട കവലകളിലും റോഡുകളിലും ജനവാസ കേന്ദ്രങ്ങളിലും കുറ്റവാളികൾ തമ്പടിക്കുവാൻ സാദ്ധ്യതയുള്ള ഒളിസ്ഥലങ്ങളിലും കൃത്യമായ ഇടവേളകളിൽ കോംബിംഗ് ഓപ്പറേഷനുകൾ നടത്തി വരാറുണ്ട്. ഇതുമൂലം കുറ്റവാളികളെ നിയമത്തിനു മുമ്പിൽ കൊണ്ട് വരാൻ സാധിച്ചിട്ടുണ്ട്. |
| (ബി) ഈ വർഷം ഇതേവരെ എത്ര കോംബിംഗ് ഓപ്പറേഷനുകൾ നടത്തിയിട്ടുണ്ട്; എവിടെയെല്ലാമെന്നും ഓരോന്നിലും പിടിയിലായ കുറ്റവാളികളുടെ വിവരവുമുൾപ്പെടെയുള്ള വിശദ വിവരം നൽകാമോ; | (ബി) ഈ വർഷം 165 കോംബിംഗ് ഓപ്പറേഷനുകൾ വിവിധ ജില്ലകളിലായി നടത്തിയിട്ടുണ്ട്. സംസ്ഥാനത്തെ ഓരോ പോലീസ് സ്റ്റേഷൻ പരിധിയിലുള്ള പ്രധാനപ്പെട്ട ജംഗ്ഷനുകൾ, റോഡുകൾ, ജനവാസ കേന്ദ്രങ്ങൾ, കുറ്റവാളികളുടെ ഒളിയിടങ്ങൾ ഇവിടങ്ങളിലൊക്കെയാണ് കോംബിംഗ് ഓപ്പറേഷൻ നടത്തപ്പെടുന്നത്. പ്രസ്തുത ഓപ്പറേഷൻ മുഖേന പിടിയിലായ കുറ്റവാളികളുടെ വിവരം ചുവടെ ചേർക്കുന്നു. |

| എൽ.പി. കേസുകളിലെ പ്രതികൾ | KAAP Act പ്രകാരമുള്ള കുറ്റവാളികൾ | മദ്യപിച്ച് കാണപ്പെട്ട വർ | മറ്റ് കുറ്റകൃത്യ ങ്ങൾ |
|---|---|---|---|
| 712 | 4 | 10163 | 19923 |

**(സി)** ഓരോ കോംബിംഗ് ഓപ്പറേഷനിലും മദ്യപിച്ച് വാഹനമോടിക്കുന്ന നിരവധി പേർ കുടുങ്ങുന്ന സാഹചര്യം ഗൗരവപൂർവ്വം വീക്ഷിക്കാനും, അത്തരം അപകടകരമായ പ്രവണത അവസാനിപ്പിക്കാൻ ഫലപ്രദമായ നടപടി സ്വീകരിക്കാനും തയ്യാറാവുമോ?

**(സി)** മദ്യപിച്ച് വാഹനം ഓടിച്ച് ഉണ്ടാക്കുന്ന അപകടങ്ങൾ സംബന്ധിച്ച് പത്ര-ദൃശ്യ മാദ്ധ്യമങ്ങളിലൂടെയും. സ്കൂൾ/കോളേജ് കുട്ടികൾ, സന്നദ്ധ സംഘടനകൾ എന്നിവ മുഖേനയും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഇത്തരം പ്രവണതകൾ ശ്രദ്ധയിൽപ്പെട്ടാൽ ലൈസൻസ് റദ്ദാക്കൽ ഉൾപ്പെടെയുള്ള കർശന നടപടികൾ സ്വീകരിച്ചു വരികയാണ്.

സെക്ഷൻ ഓഫീസർ